**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7348

17.07.2012 ൽ
മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. ഫേസ് VI, VII പ്രവൃത്തികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | പി. എം. ജി. എസ്. വൈ. പദ്ധതികൾ ഏറ്റെടുക്കുന്നതിന് കരാറുകാരുടെ ഭാഗത്ത് വിമുഖത ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട് |
| ബി) | പി. എം. ജി. എസ്. വൈ. ഫേസ് VI, VII ലുമായി എത്ര പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്; | ബി) | ഫേസ് ആറിൽ 322 ഉം ഫേസ് ഏഴിൽ 420 റോഡുകളും ഉൾപ്പെടെ 742 പ്രവർത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. |
| സി) | പ്രസ്തുത ഫെയ്സുകളിൽ കരാർ എടുക്കാത്ത പ്രവൃത്തികളുടെയും കരാർ എടുത്തിട്ട് പണി നാളിതുവരെ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെയും എണ്ണം വെളിപ്പെടുത്തുമോ; | സി) | പ്രസ്തുത ഫെയ്സുകളിൽ കരാർ ഉറപ്പിക്കാത്ത 227 പ്രവർത്തികളാണുള്ളത്. ഇതിൽ 23 പ്രവർത്തികൾക്ക് കരാറുകാർ 41 മുതൽ 57 ശതമാനം വരെ അധികനിരക്ക് ആവശ്യപ്പെട്ടു കൊണ്ട് ടെണ്ടർ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാർ 23.06.2012-ലെ **ഉത്തരവ് (കൈ)** നമ്പർ 176/2012/ത.സ്വ.ഭ.വ പ്രകാരം **ടെണ്ടർ** ലഭിച്ച 23 റോഡുകൾക്ക്, പരമാവധി 35 ശതമാനം വരെ തുക ടെണ്ടർ പ്രീമിയം നൽകി അവാർഡ് ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് കരാറുകാർ സമർപ്പിച്ച റേറ്റ് കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ടെണ്ടർ ലഭിക്കാത്ത പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്തതിൽ 23 പ്രവർത്തികൾക്ക് 2/7/2012 ൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. |

ഇത് പരിശോധിച്ച് വരികയാണ്. കരാർ ഉറപ്പിച്ച 152 പ്രവർത്തികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്.

| | | | |
|---|---|---|---|
| ഡി) | പി. എം. ജി. എസ്. വൈ. പദ്ധതികൾ കരാറുകാർ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ വ്യക്തമാക്കുമോ? | ഡി) | പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുമ്പോൾ തന്നെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് കരാറിന്റെ ഭാഗമാക്കി കരാർ വ്യവസ്ഥ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കരാറുകാർ പ്രവർത്തി ഏറ്റെടുക്കുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ ടെണ്ടർ ചെയ്ത പ്രവൃത്തികൾക്ക് 2010 SOR പ്രകാരം 35% വരെ ടെണ്ടർ പ്രീമിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചത് പോലെ 42% വരെ അധിക പ്രീമിയം പി.എം.ജി.എസ്.വൈ - യ്ക്കും ബാധകമാക്കാവുന്നതായും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ